# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2297. 09.12.2014 ൽ മറുപടിക്ക്

### റെയിൽവെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രധാന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മുഖ്യമായും പിറവം റോഡ്-കുറുപ്പന്തറ, കുറപ്പന്തറ - ചിങ്ങവനം, ചെങ്ങന്നൂർ - ചിങ്ങവനം, അമ്പലപ്പുഴ - ഹരിപ്പാട്, കുമ്പളം - തുറവൂർ, എറണാകുളം- കുമ്പളം പാതയിരട്ടിപ്പിക്കലും, പുനലൂർ - ഇടമൺ ഗേജ് മാറ്റവും, അങ്കമാലി - ശബരി റയിൽപാത, തിരുനാവായ - ഗുരുവായൂർ റയിൽപാതയും കൂടാതെ പാത വൈദ്യുതീകരണവും ആണ് സംസ്ഥാനത്ത് ഇപ്പോൾ തുടർന്നു വരുന്ന പ്രധാന റെയിൽവേ പ്രവൃത്തികൾ. |
| (ബി) | റെയിൽവേ ലൈൻ വൈദ്യുതീകരണം ഏതെല്ലാം മേഖലയിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഷൊർണൂർ - മംഗലാപുരം, തിരുവനന്തപുരം - നാഗർകോവിൽ - തിരുനെൽവേലി ലൈൻ എന്നിവയുടെ വൈദ്യുതീകരണം നടന്നു വരുന്നു. |
| (സി) | ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള റെയിൽവേ ലൈൻ വൈദ്യുതീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (സി) | പണികൾ അന്തിമ ഘട്ടത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (ഡി) | ഈ പ്രവൃത്തി എന്ന് പൂർത്തികരിക്കാനാകുമെന്ന് അറിയിക്കുമോ? | (ഡി) | മാർച്ച് 2016-ാടുകൂടി പണികൾ പൂർത്തീകരിക്കാനാണ് റെയിൽവേ ഉദ്ദേശിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ